**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4461** **06-03-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | അടുത്ത നാല് വർഷത്തേയ്ക്ക് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള നിർദേശം കെ.എസ്.ഇ.ബി., റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2023-24 മുതൽ 2026-27 വരെയുള്ള നാലു സാമ്പത്തിക വർഷത്തേക്ക് വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനായി 08.02.2023-ൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ വിവിധ വിഭാഗ ഉപഭോക്താക്കളുടെ താരിഫ നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുത നിയമം 2003-ലെ 45, 62, 86 എന്ന് വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്റ കമ്മീഷനിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ 2021-ലെ 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ നിർണ്ണയിക്കുന്നത്.<br><br>കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിക്കുന്ന പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ് റെഗുലേറ്റ കമ്മീഷൻ താരിഫ് നിർണ്ണയിക്കുന്നത് വൈദ്യുതിനിയമം 2003, ദേശീയതാരിഫ നയം, 2016 കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധന നടത്തിയാണ് വരവു ചെലവു കണക്കുകൾ നിർണ്ണയിച്ച് റവന്യൂ കമ്മി തീരുമാനിക്കുന്നത് വൈദ്യുതി ഉൽപാദന വാങ്ങൽ ചെലവുകൾ |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ വേതന ചെലവുകൾ, പലിശ ചെലവുകൾ എന്നിവയാണ് പ്രധാന ചിലവിനങ്ങൾ. താരിഫ് പെറ്റീഷനുകൾ സമർപ്പിച്ചാൽ വിശദമായ പരിശോധനയ്ക്കും സംസ്ഥാനത്തെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വച്ച് പൊതുജനങ്ങളെയും ഉപഭോക്താക്കളെയും പങ്കെടുപ്പിച്ച് വിശദമായ തെളിവെടുപ്പിനും ശേഷം മാത്രമേ കമ്മീഷൻ തീരുമാനമെടുക്കുകയുള്ളൂ. ഇത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിനുള്ള പൊതുതെളിവെടുപ്പടക്കമുള്ള നടപടിക്രമങ്ങൾ കമ്മീഷൻ ആരംഭിച്ചിട്ടില്ല. |
| (സി) | സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2021 ഏപ്രിൽ 1 മുതൽ നാളിതുവരെയുള്ള വരവ് ചെലവ് കണക്ക് വിശദമാക്കാമോ? | (സി) | 2021-22 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വരവ് 16985.62 കോടി രൂപയും ചെലവ് 16249.35 കോടി രൂപയുമാണ്. 2022, ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെയുള്ള താത്കാലിക കണക്കുപ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വരവ് 14007.65 കോടി രൂപയും ചെലവ് 14086.81 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച പെറ്റീഷനിലെ വൈദ്യുതി നിരക്ക് വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ.**

| വർഷം | അധിക വരുമാനം (കോടി രൂപ ) | വർദ്ധനവ് (%) | വർദ്ധനവ് / യൂണിറ്റ് പൈസ |
|---|---|---|---|
| 2023-24 (Proposal) | 1044.43 | 6.19 | 41 |
| 2024-25 (Proposal) | 834.17 | 4.50 | 31 |
| 2025-26 (Proposal) | 472.64 | 2.36 | 17 |
| 2026-27 (Proposal) | 29.80 | 0.14 | 1 |

സെക്ഷൻ ഓഫീസർ